# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 254 — 20.12.2012 ൽ മറുപടിക്ക്

**സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ കെ.ശശീന്ദ്രൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിവിധ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സമാന്തര സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സ്കോളർഷിപ്പിന് നിലവിൽ അർഹതയില്ല. |
| (ബി) | ഇക്കാര്യത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ;<br>& | (ബി) & (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയപരമായ തീരുമാനം ആവശ്യമാണ്. |
| (സി) | ഹയർ സെക്കൻഡറിയിലെ ഒ.ബി.സി വിഭാഗത്തിൽ കുടുംബ വാർഷിക വരുമാനം 4.5 ലക്ഷത്തിൽ കുറവുള്ള വിദ്യാർത്ഥികൾക്ക് നിബന്ധനകളൊന്നുമില്ലാതെ സ്കോളർഷിപ്പ് നൽകുമ്പോൾ ഇതേ കാറ്റഗറിയിൽപ്പെട്ട സമാന്തര വിദ്യാഭ്യാസ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ